# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4055          16.12.2014 ൽ മറുപടിക്ക്

## റെയിൽവേ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി :<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>,, സി.കൃഷ്ണൻ :<br>,, കെ.സുരേഷ് കുറുപ്പ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ അത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗികത യെക്കുറിച്ച് പഠനം നടത്താറുണ്ടോ; | (എ) | റെയിൽവേ പദ്ധതികൾ പ്രഖ്യാപിച്ച ശേഷം അതിന്റെ പ്രായോഗികതയെ സംബന്ധിച്ച് അവർ സാധ്യതാപഠനം നടത്തുകയും തുടർന്ന് അനുമതിക്കായി റെയിൽവേ ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു വരുന്നു.<br>കേരളത്തിലെ റെയിൽവേ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ പ്രായോഗിക വശങ്ങൾ സംസ്ഥാന സർക്കാരും വിലയിരുത്തുന്നുണ്ട്. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും കൂടിയാണ് പദ്ധതി കളുടെ നടത്തിപ്പ് മന്ദഗതിയിലാകുന്ന തെന്ന് കണ്ട് റെയിൽവേ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരി നോട് സംസ്ഥാന സർക്കാർ പല പ്രാവശ്യമായി ആവശ്യപ്പെട്ടിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതികൾ പലതും നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് കാരണം മുന്നോട്ടു പോകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (ബി) | പുതിയ ലൈനുകളുടെ അലൈൻമെന്റ് അന്തിമമായി തീരുമാനിക്കുന്നതും സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതിലും വരുന്ന താമസം ഇത്തരം പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുന്ന ഘടകങ്ങളാണ്. |

സെക്ഷൻ ഓഫീസർ